സ്ഥലമെടുപ്പിലെ ക്രമക്കേട്

106 [3253] ശ്രീമതി ഗിരിജാ സുരേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരത്ത് ടൂറിസം വകുപ്പിന്റെ കീഴിൽ വേളിയിൽ ടൂറിസം വികസനത്തിനായി നടന്ന സ്ഥലമെടുപ്പിലെ ക്രമക്കേട് സംബന്ധിച്ച് അന്വേഷണം നടക്കുന്നുണ്ടോ; ഉണ്ടെങ്കിൽ ഏതു തരത്തിലുള്ള അന്വേഷണമാണ് നടക്കുന്നത്;

(ബി) പ്രസ്തുത സ്ഥലത്തിന് ഒരു സെന്റിന് എത്ര രൂപാ വീതം സ്ഥലം ഉടമയ്ക്ക് നൽകി; ഉടമകളുടെ പേരും ഓരോരുത്തർക്കും നൽകിയ തുകയും വെളിപ്പെടുത്താമോ;

(സി) സ്ഥലം അക്വയർ ചെയ്യപ്പെട്ട ഏതെങ്കിലും വസ്തു ഉടമകളെ അക്വയർ ചെയ്ത സ്ഥലത്തുതന്നെ താമസിപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര പേരെ ഇപ്രകാരം താമസിപ്പിച്ചിട്ടുണ്ട്; ഓരോരുത്തർക്കും എത്രമാത്രം ഭൂമി അനുവദിച്ചിട്ടുണ്ട്; അവരിൽ നിന്നും എന്തു തുക വിലയായി ഈടാക്കി; ഇപ്രകാരം താമസിപ്പിക്കപ്പെട്ടവരുടെ പേരുവിവരം വെളിപ്പെടുത്താമോ;

(ഡി) പ്രസ്തുത പുനരധിവാസത്തിന് സർക്കാരിന് ചെലവായ തുക എത്ര?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) പ്രസ്തുത സ്ഥലത്തിന്റെ കിടപ്പനുസരിച്ച് വിവിധ വിഭാഗങ്ങളിലായി ഒരു ആറിന് 14,870 രൂപ മുതൽ 70,387 രൂപ വരെ വില നൽകിയിട്ടുണ്ട്. ഉടമകളുടെ പേരും നൽകിയ തുകയുടെ വിവരങ്ങളും ശേഖരിച്ചുനൽകുന്നതാണ്.

(സി) അക്വയർ ചെയ്ത സ്ഥലത്ത് ആരെയും താമസിപ്പിച്ചിട്ടില്ല.

(ഡി) ചോദ്യം ഉദിക്കുന്നില്ല.

വിനോദസഞ്ചാര കേന്ദ്രങ്ങളിലെ നിർമ്മാണ പ്രവർത്തനങ്ങളിലെ ക്രമക്കേട്

107 [3254] ശ്രീ. വി. ചെന്താമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഫിഷറീസും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ഡി.ടി.പി.സി.-യുടെ കീഴിൽ വേളി, ആക്കുളം, ശംഖുമുഖം എന്നിവിടങ്ങളിലെ നിർമ്മാണ പ്രവർത്തനം, യൂണിറ്റുകളുടെ നടത്തിപ്പ്, കായലിലെ പായൽ നിർമ്മാർജ്ജനം എന്നിവ സംബന്ധിച്ച് പൊതുജനങ്ങളിൽ നിന്ന് പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) ഈ പരാതികളെപ്പറ്റി അന്വേഷണം നടത്തിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ ആരാണ് അന്വേഷിച്ചത്;

(ഡി) വേളി, ശംഖുമുഖം, ആക്കുളം എന്നിവിടങ്ങളിലെ നിർമ്മാണ പ്രവർത്തനം, കായലിലെ പായൽ നിർമ്മാർജ്ജനം എന്നീ പ്രവർത്തനങ്ങളിലെ ക്രമക്കേട് സംബന്ധിച്ച് വിജിലൻസ് അന്വേഷണം നടത്തുമോ?

LIBRARY ARCHIVES Kerala Legislative Assembly